## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2725** **02.04.2013 ൽ മറുപടിക്ക്**

**<u>സി.ബി.എസ്.ഇ സ്കൂളുകൾ</u>**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| **ശ്രീമതി ഗീതാ ഗോപി** | | **ശ്രീ.പി.കെ.അബ്ദു റബ്ബ് ( വിദ്യാഭ്യാസ വകുപ്പു മന്ത്രി)** |
| (എ) സംസ്ഥാനത്ത് എത്ര സ്വകാര്യ സി.ബി.എസ്.ഇ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് അംഗീകാരം ലഭിച്ച 1193 സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം (1) ആയി ചേർക്കുന്നു. |
| (ബി) സി.ബി.എസ്.ഇ അടിസ്ഥാനത്തിൽ സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന സ്കൂളുകളുടെ എണ്ണം ജില്ല തിരിച്ച് അറിയിക്കുമോ; | (ബി) | സംസ്ഥാന സർക്കാരിന് കീഴിൽ സി.ബി.എസ്.ഇ സിലബസിൽ സ്കൂളുകൾ പ്രവർത്തിക്കുന്നില്ല. എന്നാൽ 30 കേന്ദ്രീയ വിദ്യാലയങ്ങളും 14 ജവഹർ നവോദയ വിദ്യാലയങ്ങളും കേന്ദ്ര സർക്കാരിനു കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം (2) ആയി ചേർക്കുന്നു. |
| (സി) സ്വകാര്യ സി.ബി.എസ്.ഇ സ്കൂളുകളുടെ മേൽ എന്തെല്ലാം നിയന്ത്രണങ്ങൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ; | (സി) | 07.10.2011 ലെ ജി.ഒ (എം.എസ്) 202/11/പൊ.വി, 07.12.2012 ലെ ജി.ഒ.(എം.എസ്) 384/12/പൊ.വി എന്നീ ഉത്തരവുകൾ പ്രകാരമുള്ള നിബന്ധനകൾ ടി സ്കൂളുകൾക്ക് ബാധകമാണ്. |
| (ഡി) സി.ബി.എസ്.ഇ സ്കൂളുകളിൽ മലയാളം പഠിപ്പിക്കുന്നുണ്ടോ; ഇല്ലെങ്കിൽ മാതൃഭാഷയായ മലയാളം പാഠ്യ വിഷയമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ? | (ഡി) | 07.10.2011 ലെ ജി.ഒ (എം.എസ്) 202/11/പൊ.വി എന്ന ഉത്തരവിലെ ഖണ്ഡിക (vi) പ്രകാരം മലയാളം നിർബന്ധമായും പഠിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ വ്യവസ്ഥ ബഹു.ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ട്. അതിനെതിരെ സുപ്രീം കോടതിയിൽ എസ്.എൽ.പി ഫയൽ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം (1)

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകാരം ലഭിച്ച സ്കൂളുകളുടെ (മാർച്ച് 2013 വരെ)
ജില്ല തിരിച്ചുള്ള ലിസ്റ്റ്

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 114 |
| കൊല്ലം | 102 |
| പത്തനംതിട്ട | 50 |
| ആലപ്പുഴ | 82 |
| കോട്ടയം | 105 |
| ഇടുക്കി | 51 |
| എറണാകുളം | 173 |
| തൃശ്ശൂർ | 101 |
| പാലക്കാട് | 73 |
| മലപ്പുറം | 116 |
| കോഴിക്കോട് | 77 |
| വയനാട് | 29 |
| കണ്ണൂർ | 89 |
| കാസറഗോഡ് | 40 |
| ആകെ | **1193** |

## അനുബന്ധം (2)

**സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്രീയ വിദ്യാലയങ്ങളുടെയും ജവഹർ നവോദയ വിദ്യാലയങ്ങളുടെയും ജില്ല തിരിച്ചുള്ള ലിസ്റ്റ്**

| ജില്ല | കേന്ദ്രീയ വിദ്യാലയം | ജവഹർ നവോദയ വിദ്യാലയങ്ങൾ |
|---|---|---|
| തിരുവനന്തപുരം | 5 | 1 |
| കൊല്ലം | 1 | 1 |
| പത്തനംതിട്ട | 1 | 1 |
| ആലപ്പുഴ | 1 | 1 |
| കോട്ടയം | 1 | 1 |
| ഇടുക്കി | 1 | 1 |
| എറണാകുളം | 6 | 1 |
| തൃശ്ശൂർ | 1 | 1 |
| പാലക്കാട് | 3 | 1 |
| മലപ്പുറം | 1 | 1 |
| കോഴിക്കോട് | 2 | 1 |
| വയനാട് | 1 | 1 |
| കണ്ണൂർ | 4 | 1 |
| കാസറഗോഡ് | 2 | 1 |
| **ആകെ** | **30** | **14** |